വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് വ്യവസ്ഥകൾ ലഘൂകരിക്കാൻ നടപടി

194 [1512] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് താൽപ്പര്യം പ്രകടിപ്പിച്ച് എത്ര കമ്പനികൾ മുന്നോട്ടുവന്നിട്ടുണ്ട്; ഇവയുടെ പേരുകൾ വ്യക്തമാക്കാമോ;

(ബി) വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണത്തിന് സമാന മേഖലകളിലെ പദ്ധതികളെ അപേക്ഷിച്ച് കർശന വ്യവസ്ഥകൾ മുന്നോട്ടുവച്ചതുമൂലമാണ് പല കമ്പനികളും പിന്മാറിയത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ ലഘൂകരിക്കുമോ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് 11 കമ്പനികൾ താൽപ്പര്യം പ്രകടിപ്പിച്ചു. എന്നാൽ 7 കമ്പനികൾ മാത്രമാണ് ദർഘാസ് സമർപ്പിക്കുന്നതിന് ആവശ്യമായ രേഖകൾ സർക്കാരിൽനിന്നും വാങ്ങിയത്. അവയുടെ പേർ വിവരം താഴെ ചേർക്കുന്നതാണ്:

1.	ബെക്കറ്റ് റാക്കെയിൻ പാർട്ട്ണർഷിപ്പ്	..	ലണ്ടൻ
2.	പോർട്ട് കോൺ ഇന്റർനാഷണൽ	..	ദക്ഷിണാഫ്രിക്ക
3.	ഹിലി കമ്പനി	..	മാൾട്ട
4.	ലാർസൺ ആന്റ് ടൂബ്റോ	..	ചെന്നൈ
5.	അഫ്കോൺസ്	..	മുംബൈ
6.	ഗ്യാമൺ ഇന്ത്യാ ലിമിറ്റഡ്	..	മുംബൈ
7.	അഡാനി എക്സ്പോർട്ട്സ്	..	ഗുജറാത്ത്

(ബി) ഉണ്ട്.

(സി) ലൈസൻസ് വ്യവസ്ഥകൾ ലഘൂകരിക്കുവാൻ നടപടി എടുത്തിട്ടുണ്ട്.

തുറമുഖങ്ങളുടെ സമഗ്ര വികസനം

195 [1513] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങളിൽ മുതൽമുടക്കുവാനാണ് സ്വകാര്യവ്യക്തികൾ മുന്നോട്ടുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തുറമുഖങ്ങളുടെ സമഗ്ര വികസനത്തിനായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു;

(സി) ഇതിൽ സർക്കാരും സ്വകാര്യവ്യക്തികളും മുടക്കാൻ ഉദ്ദേശിക്കുന്ന തുക എത്രവീതമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly